പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1111** **06.02.2020-ൽ മറുപടിക്ക്**

**<u>കണ്ണൂർ ജില്ലയിലെ പഴയങ്ങാടി, കാവിൻമുനമ്പ്, മൂലക്കീൽക്കടവ് എന്നീ പാലങ്ങളുടെ നിർമ്മാണം</u>**

| **ചോദ്യം**<br><br>**ശ്രീ.റ്റി.വി.രാജേഷ്** | | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ പഴയങ്ങാടിപ്പാലം, കാവിൻ മുനമ്പ് പാലം, മൂലക്കീൽക്കടവ് പാലം തുടങ്ങിയവയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനും കിഫ്ബിയിൽനിന്നും ധനകാര്യാനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ പഴയങ്ങാടി പാലം, മൂലക്കീൽ കടവ് പാലം, തുടങ്ങിയവയുടെ ഡി.പി.ആർ സാമ്പത്തികാനുമതിക്കുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. കാവിൻ മുനമ്പ് പാലത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു. |
| (ബി) | കിഫ്ബിയിൽ നിന്നും ധനകാര്യാനുമതി ലഭിച്ച വെങ്ങര റെയിൽവേ ഓവർ ബ്രിഡ്ജിന് ടെൻഡർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | വെങ്ങര റെയിൽവെ ഓവർ ബ്രിഡ്ജിന് സാങ്കേതികാനുമതി നൽകുന്നതിനായുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഉടനെ തന്നെ സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ